# പരസ്യം

തിരുവില്വാമല ഗ്രൂപ്പ് ദേവസ്വം അസി.കമ്മീഷ്ണറുടെ ഓഫീസിൽ നിന്നും എല്ലാവർക്കും അറിയുന്നതിനായി പരസ്യപ്പെടുത്തുന്നത് എന്തെന്നാൽ ഈ ഗ്രൂപ്പിൽപ്പെട്ട തിരുവില്വാമല ദേവസ്വം ശ്രീ വില്വാദ്രിനാഥ ക്ഷേത്രം വക രാമഞ്ചിറ ചാൽ പറമ്പിൽ ഒടിഞ്ഞു വീണ ഒരു തേക്ക് മരവും വീണു കിടക്കുന്ന മറ്റൊരു തേക്ക് മരവും ലേലം ചെയ്തു കൊണ്ടുപോകുന്നതിനുള്ള അവകാശം 2022 മാണ്ട് ഡിസംബർ മാസം 15ന്പകൽ 11-30 മണിക്ക് തിരുവില്വാമല ദേവസ്വം ഓഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്ത് ഏൽപ്പിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്നു.ലേലത്തിൽ പങ്കെടുക്കുന്നവർ ലേലത്തിന് അര മണിക്കൂർ മുൻപ് നിരത ദ്രവ്യമായി Rs.500/- ക ദേവസ്വത്തിൽ കെട്ടി വയ്ക്കേണ്ടതാണ്. ലേലത്തിന് ശേഷം ലേലക്കാരൻ ഒഴികെ മറ്റുള്ളവർക്കെല്ലാം നിരതദ്രവ്യം മടക്കി നൽകുന്നതാണ് ലേലത്തിൽ പങ്കെടുക്കാൻ താൽപര്യം ഉള്ളവർ സ്ഥലത്തും സമയത്തും ഹാജരാകേണ്ടതുമാണ്. ലേലം ഏറ്റവും കൂടുതൽ സംഖ്യക്ക് വിളിക്കുന്ന ആളിന്റെ പേരിൽ മൂന്ന് വാക്ക് വിളിച്ച് ഉറപ്പിക്കുന്നതും, ലേലം കൊണ്ട ആൾ ലേലസംഖ്യ മുഴുവൻ അപ്പോൾ തന്നെ അടച്ച് ദേവസ്വത്തിൽ നിന്ന് രശീതി വാങ്ങേണ്ടതുമാണ്, ലേലം കൊണ്ട ആൾ ലേലത്തിന് പുറമെ വരുന്ന എല്ലാ നികുതികളും (18% GST & 5% FDT) അടക്കാൻ ബാധ്യസ്ഥനാണ്. ലേലക്കാരന്റെ അശ്രദ്ധമൂലമോ മറ്റു കഷ്ടനഷ്ടങ്ങൾ ഉണ്ടാകുന്ന പക്ഷം ആയതിന് ലേലക്കാരൻ പരിപൂർണ്ണ ഉത്തരവാദിയും നിയമനടപടികൾക്ക് വിധേയനുമാണ് ലേലമുതൽ പത്ത് ദിവസത്തിനകം നീക്കം ചെയ്യേണ്ടതും ക്ഷേത്രത്തിലെ മറ്റു മുതലുകൾക്ക് നാശനഷ്ടങ്ങൾ ഒന്നുമുണ്ടാകാതെ മരം കൊണ്ടുപോകേണ്ടതുമാണ്.

ഈ ലേലത്തെപ്പറ്റി കൂടുതൽ അറിയുവാൻ ആഗ്രഹിക്കുന്നവർ വടക്കാഞ്ചേരി തിരുവില്വാമല ഗ്രൂപ്പ് ദേവസ്വം അസി.കമ്മീഷ്ണർ ഓഫീസിലോ തിരുവില്വാമല ദേവസ്വം ഓഫീസിലോ പ്രവർത്തി സമയത്ത് അന്വേഷിച്ചാൽ അറിയാവുന്നതാണ്. ഈ ലേലം ഗുണകരമല്ലെന്നു കണ്ടാൽ മാറ്റി വയ്ക്കുന്നതിനോ മറ്റു ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനോ താഴെ ഒപ്പിടുന്ന ആൾക്ക് അധികാരം ഉണ്ടായിരുക്കുന്നതാണ്.

അസി.കമ്മീഷ്ണർ
തിരുവില്വാമല ഗ്രൂപ്പ്

ദേവസ്വം അസി.കമ്മീഷ്ണർ ഓഫീസ് ,തിരുവില്വാമല ഗ്രൂപ്പ്
വടക്കാഞ്ചേരി
30 /11/2022